# പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 8210** **17.07.2014-ലെ മറുപടിക്ക്**

## സ്കാറ്റേർഡ് ചുമട്ടുത്തൊഴിലാളി ക്ഷേമപദ്ധതി

**ചോദ്യം**

ശ്രീ. ഇ.പി. ജയരാജൻ
ശ്രീ. പി.കെ. ഗുരുദാസൻ
ശ്രീ. കെ. ദാസൻ
ശ്രീ. എം.ഹംസ

**മറുപടി**

ശ്രീ. ഷിബു ബേബിജോൺ
(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി)

| ചോദ്യം | | മറുപടി | |
|---|---|---|---|
| (എ) | സ്കാറ്റേർഡ് ചുമട്ടുത്തൊഴിലാളികൾക്കായുള്ള ക്ഷേമപദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ ; | എ) | ഈ പദ്ധതി പ്രകാരം അംഗമായി രജിസ്റ്റർ ചെയ്യുന്നതിന് അപേക്ഷ, ചട്ടം 26(എ) പ്രകാരം ലഭിച്ച ഐഡന്റിറ്റി കാർഡിന്റെ പകർപ്പും അപേക്ഷകൻ തൊഴിൽ എടുക്കുന്ന സ്ഥലത്തെ കമ്മിറ്റി ചെയർമാന് 10 രൂപ രജിസ്ട്രേഷൻ ഫീസും 2 പാസ്പോർട്ട് വലിപ്പത്തിലുള്ള ഫോട്ടോ സഹിതം സമർപ്പിക്കേണ്ടതാണ്. സ്കാറ്റേർഡ് വിഭാഗം ക്ഷേമപദ്ധതിയിലെ ആനുകൂല്യങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം ആയി ചേർത്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത തൊഴിലാളികൾക്ക് പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നല്കുന്നതിന് എന്തു തുക വേണ്ടി വരുമെന്നാണ് കണക്കാക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ; | (ബി) | 2013-14-ലെ സാമ്പത്തിക വർഷം പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നതിന് 1,89,24,981/- രൂപ (ഒരു കോടി എൺപത്തി ഒൻപത് ലക്ഷത്തി ഇരുപത്തി നാലായിരത്തി തൊള്ളായിരത്തി എൺപത്തി ഒന്ന് രൂപ മാത്രം) ചെലവായിട്ടുണ്ട്. |
| (സി) | സർക്കാർ സഹായമായി എന്തു തുക വകയിരുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ; | (സി) | 1999-2000 മുതൽ 2010-2011 വരെ 5,13,46,175/- രൂപ സർക്കാർ സഹായമായി സ്കാറ്റേർഡ് പദ്ധതിയ്ക്കായി നൽകിയിട്ടുണ്ട്. |

......2

(ഡി) ക്ഷേമപദ്ധതി ആനുകൂല്യം ലഭിക്കാത്തതു മൂലം തൊഴിലാളികൾ നേരിടുന്ന പ്രശ്നം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ?

(ഡി) കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡിന് കീഴിൽ സംസ്ഥാനത്തെ ചിതറിക്കിടക്കുന്ന ചുമട്ടുതൊഴിലാളികൾക്കായുള്ള ക്ഷേമ പദ്ധതിയുടെ ചെലവിനായി 528 ലക്ഷം രൂപ അനുവദിക്കണമെന്ന് കേരള നിയമ സഭയുടെ വിഷയനിർണ്ണയ സമിതി VII (വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളി ക്ഷേമവും) (2014-15) ശുപാർശ ചെയ്തിട്ടുണ്ട്. ടി ശുപാർശയിന്മേൽ കേരള ചുമട്ടു തൊഴിലാളി ക്ഷേമബോർഡ് ചീഫ് എക്സിക്യൂട്ടീവിൽ നിന്നും വിശദമായ റിപ്പോർട്ട് ലഭ്യമാക്കി ആവശ്യമായ തുടർനടപടി സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

1. **ശാരീരികാവശതയ്ക്കുള്ള ധനസഹായം**; (തൊഴിലാളികളുടെ സ്ലാബുതുകയുടെ അടിസ്ഥാനത്തിൽ 5000/-രൂപ മുതൽ 12500/- രൂപ വരെ)

2. **ശാരീരികാവശതയ്ക്കുള്ള പെൻഷൻ** : (സ്ലാബു തുകയുടെ അടിസ്ഥാനത്തിൽ 100/-രൂപ മുതൽ 225/-രൂപ 60 വയസ്സ് പൂർത്തിയാകുന്നതുവരെ)

3. **കുടുംബ പെൻഷൻ** : (മരണപ്പെടുന്ന തൊഴിലാളികളുടെ ആശ്രിതർക്ക് സ്ലാബുതുകയുടെ അടിസ്ഥാനത്തിൽ 100 രൂപ മുതൽ 225 രൂപ വരെ 7 വർഷത്തേക്ക്)

4. **ചികിത്സാ ധനസഹായം** : (പ്രതി വർഷം 1000/-രൂപ)

5. **ആശ്രിത മരണ ധനസഹായം** : തൊഴിലാളികളുടെ ആശ്രിതർ മരണപ്പെടുമ്പോൾ 500/-രൂപ)

6. **വിദ്യാഭ്യാസ ധനസഹായം** : 10-ാം തരം മുതൽ ഡിഗ്രി തലം വരെ 200/-രൂപ മുതൽ 400/-രൂപ വരെ) കൂടാതെ തൊഴിലധിഷ്ഠിത കോഴ്സുകൾക്ക് പ്രതി വർഷം 1000/-രൂപ. മറ്റ് ഇതര കോഴ്സുകൾ അനുവദിക്കുന്നതിന് പദ്ധതി ഭേദഗതിയ്ക്കായി ബോർഡ് അംഗീകരിച്ച് സർക്കാരിലേയ്ക്ക് ശുപാർശ ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ട്.

7. **വിവാഹ ധനസഹായം** : (പെൺമക്കളുടെ വിവാഹത്തിന് 1500/-രൂപ)

8. **മരണാനന്തര ധനസഹായം** :(സ്ലാബു തുകയുടെ അടിസ്ഥാനത്തിൽ 10,000/-രൂപ മുതൽ 50,000/-രൂപ വരെ) (തൊഴിലാളി 60 വയസ്സിനു മുൻപ് മരണപ്പെട്ടാൽ)

9. **ഡെത്ത് കം റിട്ടയർമെന്റ് ആനുകൂല്യം** : സേവന കാലയളവ് കണക്കാക്കി സ്ലാബ് പ്രകാരമുള്ള തുക, തൊഴിലാളി 60 വയസ്സിൽ റിട്ടയർചെയ്യുകയും / റിട്ടയർമെന്റിനു മുമ്പ് മരണപ്പെടുകയും ചെയ്താൽ നോമിനിക്ക് നൽകുന്നു

10. **സൂപ്പർ ആനുവേഷൻ പെൻഷൻ** : (സ്ലാബു തുകയുടെ അടിസ്ഥാനത്തിൽ 300/-രൂപ മുതൽ 400/-രൂപ വരെ. കൂടാതെ 10 വർഷത്തിലധികം സേവന ദൈർഘ്യമുള്ളവർക്ക് പൂർത്തിയായ ഓരോ വർഷത്തിലും അർഹതപ്പെട്ട പെൻഷൻ തുകയുടെ 5% വീതം അധികമായി നൽകി വരുന്നു.)

സെക്ഷൻ ഓഫീസർ